# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3013.**

**21-08-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസനത്തിനായി ലഭിക്കുന്ന കേന്ദ്രഫണ്ട്

**ചോദ്യം**
ശ്രീ.അബ്ദുൽ ഹമീദ് പി

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വികസനത്തിനായി കേന്ദ്രത്തിൽ നിന്നും വർഷങ്ങളായി ലഭിച്ചുകൊണ്ടിരിക്കുന്ന ഫണ്ട് ഇപ്രാവശ്യം നിഷേധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | 2007-08 മുതൽ ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പ്രോജക്റ്റടിസ്ഥാനത്തിൽ നെൽകൃഷിക്ക് ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഓരോ പഞ്ചവൽസര കാലയളവിലും കേന്ദ്രസർക്കാർ ആർ.കെ.വി.വൈ.-യുടെ മാനദണ്ഡങ്ങൾക്ക് മാറ്റം വരുത്തിയിട്ടുണ്ട്. പതിനൊന്നാം പഞ്ചവൽസര കാലയളവിൽ ജില്ലകളിൽ നിന്നുള്ള പ്രോജക്റ്റടിസ്ഥാനത്തിൽ നെൽകൃഷിക്ക് ഫണ്ട് അനുവദിച്ചിരുന്നു. പന്ത്രണ്ടാം പഞ്ചവൽസര കാലയളവിൽ സംസ്ഥാനത്തിന് മുഴുവനായി പദ്ധതി രൂപീകരിച്ച് നടപ്പിലാക്കാനായിരുന്നു നിർദ്ദേശം. എന്നാൽ, പതിമൂന്നാം പഞ്ചവൽസര കാലം തുടങ്ങിയപ്പോൾ ആർ.കെ.വി.വൈ.-യിൽ അടിസ്ഥാന വികസനത്തിനുള്ള പ്രോജക്റ്റുകൾ നടപ്പിലാക്കണമെന്നും അവ ജിയോടാഗ് ചെയ്യണമെന്നുമാണ് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിരിക്കുന്നത്. നെൽകൃഷിയ്ക്ക് സബ്സിഡി നൽകുന്നത് വിളയുല്പാദന സെക്ടറിൽ ഉൾപ്പെടുകയാകയാൽ കേരളം 81 കോടിയുടെ പ്രോജക്റ്റ് നെൽകൃഷിക്കായി സമർപ്പിച്ചുവെങ്കിലും 2017-18-ലെ ആദ്യത്തെ സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി (ചീഫ് സെക്രട്ടറി അധ്യക്ഷനും കേന്ദ്രസർക്കാരിലെ കൃഷി വകുപ്പിലെ കമ്മീഷണർ അംഗവുമായ കമ്മിറ്റി) അംഗീകരിച്ചിരുന്നില്ല. ത്രിതല പഞ്ചായത്ത് പദ്ധതിയിൽ നെൽകൃഷിക്കുള്ള സബ്സിഡിയും കൂടി ഉൾപ്പെടുത്തുന്നപക്ഷം നെൽകർഷകർക്ക് ധനസഹായം നൽകാൻ കഴിയും. |
| (ബി) | പ്രസ്തുത ഫണ്ട് നിഷേധിക്കപ്പെട്ടത് നെൽകർഷകർക്ക് നൽകുന്ന സബ്സിഡിയെ ബാധിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | | |
| (സി) | പ്രസ്തുത ഫണ്ട് നിഷേധിക്കുന്നതിന് കാരണം കൃഷി വകുപ്പിന്റെ അനാസ്ഥയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്. എന്നാൽ ടി വാർത്ത അടിസ്ഥാനരഹിതമാണ്. പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലേക്ക് ആർ.കെ.വി.വൈ.-യുടെ മാനദണ്ഡങ്ങൾക്ക് കേന്ദ്ര സർക്കാർ മാറ്റംവരുത്തിയതിനാലാണ് യഥാസമയം കൃഷി വകുപ്പ് സമർപ്പിച്ച പ്രോജക്റ്റിന് അംഗീകാരം ലഭിക്കാതെ പോയത്. എന്നാൽ പഞ്ചായത്ത് തലത്തിൽ നെൽകൃഷിയ്ക്കായി പ്രോജക്റ്റ് രൂപീകരിക്കുവാൻ ജില്ലകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**